കേരള സംഗീത നാടക അക്കാദമി

# അമേച്വർ

# നാടകോത്സവം

**നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി**

സംഘാടനം: **പൂക്കാട് കലാലയം, ചേമഞ്ചേരി, കോഴിക്കോട്**



**2023 ഒക്ടോബർ നാല് മുതൽ ഏഴ് വരെ,**
**വൈകുന്നേരം 6.30ന്**

സർഗവനി ഓപ്പൺ ഓഡിറ്റോറിയം, പൂക്കാട് കലാലയം, ചേമഞ്ചേരി, കോഴിക്കോട്

കേരള സംഗീത നാടക അക്കാദമി

# അമേച്വർ
# നാടകോത്സവം

**നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി**

സുഹൃത്തേ,

വിശ്വകലാചരിത്രത്തിലെ പ്രാചീനമായ കലാമാധ്യമങ്ങളിലൊന്നാണെങ്കിലും ആധുനിക വർത്തമാനകാലജീവിതത്തിന്റെപോലും സംഘർഷങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം ആവിഷ്കരിക്കുന്നതിന് ഏറ്റവും ശക്തമായ മാധ്യമമായി നിലനില്ക്കുന്നുവെന്നതാണ് അവതരണകലയെന്ന നിലയിൽ നാടകത്തെ എന്നും അദ്വിതീയമാക്കുന്നത്. നാടോടിയും ശാസ്ത്രീയവും ആനുകാലികവുമായ എല്ലാ കലാവിഷ്ക്കാരങ്ങളെയും ഉൾക്കൊള്ളുമ്പോഴും അത്രമേൽ ജനകീയമായ ഒരു സ്വതന്ത്ര അവതരണരൂപമായി ഇന്നത്തെ അമേചർ നാടകം വളർന്ന് വികാസം പ്രാപിച്ചിട്ടുണ്ട്. കേരളത്തിന്റെ അമേചർ നാടകധാരതന്നെയാണ് നമ്മുടെ പരീക്ഷണനാടകങ്ങളുടെയും രാഷ്ട്രീയ നാടകങ്ങളുടെയുമെല്ലാം ഭൂമിക. ഇന്ന് ലോകം അറിയുന്ന എത്രയോ നാടകപ്രതിഭകളെ സംഭാവന ചെയ്യാൻ സാധിച്ച മലയാള അമേചർ നാടക വേദിയുടെ ചരിത്രപരമായ കുതിപ്പിനൊപ്പം സഞ്ചരിക്കുന്നതിന് കേരള സംഗീത നാടക അക്കാദമിക്ക് അതിന്റെ ആരംഭകാലം മുതൽ സാധിച്ചിട്ടുണ്ട്. ആ ഉത്തരവാദിത്തത്തിന്റെ തുടർച്ചയായി കേരള സംഗീത നാടക അക്കാദമി അമേചർ നാടക നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടത്തിൽ 25 നാടകങ്ങളും രണ്ടാംഘട്ടത്തിൽ 20 നാടകങ്ങളുമായി ആകെ 45 അമേചർ നാടകങ്ങളാണ് അക്കാദമിയുടെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളത്. ഒരു നാടകത്തിന് രണ്ട് ലക്ഷം രൂപയാണ് അക്കാദമി അനുവദിക്കുന്നത്.

രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു നാടകത്തിന്റെ രണ്ട് അവതരണങ്ങളുമായി തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തെരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിൽ 40 അവതരണങ്ങളുമായി കേരള സംഗീത നാടക അക്കാദമി വീണ്ടും ജനങ്ങളിലേയ്ക്ക് എത്തുകയാണ്.

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പൂക്കാട് കലാലയവുമായി സഹകരിച്ച് 2023 ഒക്ടോബർ നാല് മുതൽ ഏഴ് വരെ, പൂക്കാട് കലാലയത്തിലെ സർഗവനി ഓപ്പൺ ഓഡിറ്റോറിയത്തിൽ വിവിധ അനുബന്ധപരിപാടികളോടെ സംസ്ഥാന അമേചർ നാടകോത്സവം സംഘടിപ്പിക്കുന്നു.

**ഒക്ടോബർ നാല് വൈകുന്നേരം 5.30ന് ബഹു. എം.എൽ.എ. (കൊയിലാണ്ടി നിയോജകമണ്ഡലം) കാനത്തിൽ ജമീല നാടകോത്സവം ഉദ്ഘാടനം ചെയ്യും. സ്വാഗത സംഘം ചെയർമാൻ ഡോ. കെ. ശ്രീകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.** ഒക്ടോബർ നാല് മുതൽ ഏഴ് വരെ നാലുദിവസങ്ങളിൽ വൈകുന്നേരം 6.30 ന് വ്യത്യസ്തങ്ങളായ നാല് രംഗാവതരണങ്ങൾ അരങ്ങിലെത്തും. അക്കാദമിയുടെ നാടകരാവുകളിലേയ്ക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**മട്ടന്നൂർ ശങ്കരൻകുട്ടി**
ചെയർമാൻ

**കരിവെള്ളൂർ മുരളി**
സെക്രട്ടറി

## കാര്യപരിപാടി

**2023 ഒക്ടോബർ നാല്, വൈകുന്നേരം 5.30ന്**

**സർഗവനി ഓപ്പൺ ഓഡിറ്റോറിയം, പൂക്കാട് കലാലയം, ചേമഞ്ചേരി, കോഴിക്കോട്**

| | | |
|---|---|---|
| സ്വാഗതം | : | **വി.കെ. അനിൽകുമാർ**<br>പ്രോഗ്രാം ഓഫീസർ, കേരള സംഗീത നാടക അക്കാദമി |
| അദ്ധ്യക്ഷൻ | : | **ഡോ. കെ. ശ്രീകുമാർ**<br>ചെയർമാൻ, സ്വാഗത സംഘം |
| ഉദ്ഘാടനം | : | **കാനത്തിൽ ജമീല**<br>ബഹു. എം.എൽ.എ, കൊയിലാണ്ടി നിയോജകമണ്ഡലം |
| മുഖ്യപ്രഭാഷണം | : | **കരിവെള്ളൂർ മുരളി**<br>സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി |
| വിശിഷ്ട സാന്നിദ്ധ്യം | : | **വി.ടി. മുരളി**<br>നിർവ്വാഹക സമിതി അംഗം, കേരള സംഗീത നാടക അക്കാദമി |
| ആശംസകൾ | : | **സതി കിഴക്കയിൽ**<br>പ്രസിഡണ്ട്, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് |
| | | **വിൽസൻ സാമുവൽ**<br>നാടകപ്രവർത്തകൻ |
| | | **യു.കെ. രാഘവൻ**<br>പ്രസിഡണ്ട്, പൂക്കാട് കലാലയം |
| | | **ശിവദാസ് ചേമഞ്ചേരി**<br>പ്രിൻസിപ്പാൾ, പൂക്കാട് കലാലയം |
| നന്ദി | : | **ശിവദാസ് കുനിക്കണ്ടി**<br>ജനറൽ കൺവീനർ, സ്വാഗതസംഘം |



## അവതരണക്രമം

| | | | |
|---|---|---|---|
| **2023** ഒക്ടോബർ **04** ബുധൻ | നാടകം **ചിമ്മാനം** വൈകുന്നേരം **6.30 ന്** | രചന **സുരേഷ്ബാബു ശ്രീസ്ഥ** സംവിധാനം **മനോജ് നാരായണൻ** | **അവതരണം** പൂക്കാട് കലാലയം, ചേമഞ്ചേരി, കോഴിക്കോട് - 673 304 |
| **2023** ഒക്ടോബർ **05** വ്യാഴം | നാടകം **അകലെ, അകലെ, മോസ്കോ** വൈകുന്നേരം **6.30 ന്** | രചന **ശ്രീജിത്ത് പൊയിൽക്കാവ്** സംവിധാനം **സഞ്ജു മാധവ്** | **അവതരണം** പ്ലാറ്റ്ഫോം തിയേറ്റർ ഗ്രൂപ്പ്, C/o സജീവ് കുമാർ, കോടന്നൂർ പി.ഒ., തൃശൂർ - 680 563 |
| **2023** ഒക്ടോബർ **06** വെള്ളി | നാടകം **സ്വൈരിത പ്രയാണം** വൈകുന്നേരം **6.30 ന്** | രചന **എം.വിനോദ്** സംവിധാനം **എം.വിനോദ്** | **അവതരണം** നാടകസൗഹൃദം, തൃശൂർ, ശ്രീം, ന്യൂ ഗാർഡൻസ്, അയ്യന്തോൾ, തൃശൂർ - 680 003 |
| **2023** ഒക്ടോബർ **07** ശനി | നാടകം **പ്ലാംയാ ല്യൂബ്യൂയ്** വൈകുന്നേരം **6.30 ന്** | രചന **ഡോ. സാംകുട്ടി പട്ടംകരി** സംവിധാനം **ഡോ. സാംകുട്ടി പട്ടംകരി** | **അവതരണം** നാടകപ്പുര കലാസമിതി ചേർപ്പ്, C/o കോമ്രേഡ് ഡ്രൈവിംഗ് സ്കൂൾ, ചേർപ്പ്, തൃശൂർ - 680 561 |


**കേരള സംഗീത നാടക അക്കാദമി**

തൃശൂർ – 680 020

ഫോൺ: 0487 2332134, 2332548, 2327427 മൊബൈൽ നമ്പർ: 7736922245, 9447092134 (വാട്സ്ആപ്പ്)

e-mail: ksnakademi@gmail.com I www.keralasangeethanatakaakademi.in